# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3584 17.10.2011-ൽ മറുപടിയ്ക്ക്**

## കോക്ലിയർ ഇംപ്ലാന്റേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ് രാജേന്ദ്രൻ : | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷനുള്ള നടപടിക്രമങ്ങൾ പൂർത്തിയായോ; | (എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ കോക്ലിയർ ഇംപ്ലാന്റേഷനുള്ള കുട്ടികളുടെ ലിസ്റ്റ് തയ്യാറായിട്ടുണ്ട്. മറ്റു മെഡിക്കൽ കോളേജുകളിൽ ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല. |
| (ബി) ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; എത്ര പേർക്ക് ചികിത്സാ സഹായം അനുവദിച്ചു; | (ബി) കോഴിക്കോട് മെഡിക്കൽ കോളേജിൽ ആകെ 51 അപേക്ഷകൾ ലഭിച്ചു. ഇതിൽ ഒരാൾക്ക് ഇ.എസ്.ഐ.യുടെ ചികിത്സാ സഹായം ലഭിച്ചു. മറ്റുള്ളവർക്ക് ചികിത്സാ സഹായം അനുവദിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. |
| (സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനു കാലതാമസമുണ്ടായിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ട്; ടി കാലയളവിനുള്ളിൽ മൂന്ന് വയസ്സ് കഴിഞ്ഞുപോയ കുട്ടികളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുമോ ? | (സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസമുണ്ടായിട്ടില്ല. മൂന്നു വയസ്സു കഴിഞ്ഞുപോയ കുട്ടികളെ സംസ്ഥാനതല വിദഗ്ദ്ധ സമിതിയുടെ പരിശോധനയ്ക്കു ശേഷം വിജയസാദ്ധ്യതയുടെ അടിസ്ഥാനത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ